


## സൈനബ്(റ) – 5

# അഭയം തേടിയെത്തിയ പ്രിയതമൻ

**നീണ്ട** ആറുവർഷം കടന്നുപോയി. സംഭവബഹുലമായ കാലയളവായിരുന്നു അത്.

സൈനബിന് പിതാവിന്റെ സംരക്ഷണത്തിൽ മദീനയിൽ കഴിയുന്നതിൽ ഒരിക്കൽപോലും നിരാശ തോന്നിയിട്ടില്ല. തന്റെ കുട്ടികളുടെ പിതാവ് ഒരുനാൾ ഇസ്‌ലാം സ്വീകരിക്കുമെന്നും വീണ്ടും ദാമ്പത്യം തളിരിടുമെന്നും അവൾ മോഹിച്ചു. തന്റെ പ്രിയപ്പെട്ടവന്- സാങ്കേതികമായി ഇപ്പോൾ ഭർത്താവല്ലെങ്കിലും- ഇസ്‌ലാമിലേക്ക് കടന്നുവരാനുള്ള സൗഭാഗ്യമുണ്ടാകണമേയെന്ന് അവൾ പ്രാർഥിക്കാത്ത ഒരു ദിവസവും കടന്നുപോയില്ല. തന്റെ പ്രാർഥനക്ക് ഉത്തരമുണ്ടാകുമെന്ന പ്രതീക്ഷയോടെ അവൾ കാത്തിരുന്നു.

ഹിജ്റ ആറാം വർഷം ജമാദുൽ അവ്വലിലെ ഒരു രാത്രി. അബുൽആസ്വുമൊത്തുള്ള ഹൃദ്യമായ അനുഭവങ്ങൾ

> **“എനിക്കേറ്റം പ്രിയപ്പെട്ടവളേ! അതെ, അബുൽആസ്വ് തന്നെ. യസ്‌രിബിനു സമീപം വിധിയും ഞാനുമായി കണ്ടുമുട്ടി. ഞാനിങ്ങോട്ട് ഓടിപ്പോന്നു. ഓടിയെത്താവുന്നതിൽ വെച്ച് ഏറ്റവും സുരക്ഷിതമായ സ്ഥാനം നിന്റെ നിഴലാണെന്ന് ഉറക്കത്തിലും ഉണർവിലും ഞാനെപ്പോഴും അറിഞ്ഞിരുന്നു. സൈനബ്, അവരെന്നെ പിന്തുടരുന്നുണ്ട്.”**

സൈനബിന്റെ മനസ്സിലേക്ക് ഒഴുകിയെത്തി. എല്ലാ രാത്രികളെയും പോലെ അവൾ സ്നേഹം നിറഞ്ഞ പ്രാർഥനകളോടെ കിടന്നു. ഏതാണ്ടെല്ലാ ദിവസവും അവൾ അബുൽആസിനെ സ്വപ്നം കാണാറുണ്ട്. അദ്ദേഹം വന്നു മുട്ടിവിളിക്കുന്ന സുപ്രഭാതം സ്വപ്നം കണ്ടുറങ്ങുന്നതുപോലും എന്താനന്ദമാണ്!

മുസ്‌ലിംകൾ ദിനംപ്രതി എണ്ണത്തിലും സൈനിക സജ്ജീകരണത്തിലും ശക്തിയാർജിക്കുന്നത് അവളുടെ കൺമുമ്പിലായിരുന്നു. ഇസ്‌ലാമിനോട് അതികഠിനമായ വൈരം വെച്ചുപുലർത്തിയിരുന്നവരുൾപ്പെടെ ആയിരങ്ങൾ ഇസ്‌ലാമിലേക്ക് പ്രവേശിച്ചുകൊണ്ടിരുന്നു. അല്ലാഹു വാഗ്ദത്തം ചെയ്ത സഹായം വന്നുതുടങ്ങിക്കഴിഞ്ഞുവെന്നു ഉറപ്പാവുകയായിരുന്നു.

അബുൽആസ് മുസ്‌ലിം ആകാതിരിക്കുമോ? നല്ലവനായ അബുൽ ആസിന് നന്മയുടെ സാകല്യത്തെ എത്രകാലം ദുരഭിമാനങ്ങൾക്കുവേണ്ടി ഉപേക്ഷിച്ചു നിർത്താനാകും?

നേരം പുലരാറായി. വാതിലിൽ ആരോ മുട്ടുന്നതുപോലെ അവൾക്കു തോന്നി. ഭയത്തോടെ അവൾ വാതിൽ തുറന്നു. നേരിയ പുലർവെളിച്ചത്തിലവൾ കണ്ടു- അബുൽ ആസ്! മുഖം വിവർണമായി, അസ്വസ്ഥമായുള്ള നിൽപ്.

ഉണർവിലെങ്കിലും, താൻ ഉറക്കത്തിലാണോ എന്ന് അവൾ സംശയിച്ചു. അതോ സ്വപ്നംകാണുകയാണോ? സ്വപ്നത്തിലെന്നും വരാറുള്ള അബുൽ ആസ് സത്യത്തിൽതന്നെ വന്നിരിക്കുകയോ? പതിഞ്ഞ സ്വരത്തിൽ സൈനബ് വിളിച്ചു: "അബുൽ ആസ്..."

"എനിക്കേറ്റം പ്രിയപ്പെട്ടവളേ! അതെ, അബുൽആസ് തന്നെ. യസ്‌രിബിനു സമീപം വിധിയും ഞാനുമായി കണ്ടുമുട്ടി. ഞാനിങ്ങോട്ട് ഓടിപ്പോന്നു. ഓടിയെത്താവുന്നതിൽ വെച്ച് ഏറ്റവും സുരക്ഷിതമായ സ്ഥാനം നിന്റെ നിഴലാണെന്ന് ഉറക്കത്തിലും ഉണർവിലും ഞാനെപ്പോഴും അറിഞ്ഞിരുന്നു. സൈനബ്, അവരെന്നെ പിന്തുടരുന്നുണ്ട്."

കേൾക്കുന്നത് പൂർണമായും മനസ്സിലാക്കാനും വിശ്വസിക്കാനും അവൾക്കായില്ല. അർധ സുഷ്പിതിയിലെന്ന പോലെ അവൾ അബുൽ ആസിനെ നോക്കി നിന്നു. അപ്പോൾ

**അൽപനേരത്തെ നിശ്ശബ്ദതക്കുശേഷം പ്രവാചകൻ പറഞ്ഞു: "മുസ്‌ലിംകൾ കൂട്ടുത്തരവാദിത്വമുള്ളവരാണ്. നമ്മിൽ ചെറിയവർ നൽകിയ അഭയം മാനിക്കാൻ നാം ബാധ്യസ്ഥരാണ്. അതിനാൽ അവൾ അഭയം നൽകിയവന് നാമും അഭയം നൽകുന്നു."**

ഗാംഭീര്യമുള്ള ശബ്ദത്തിൽ മദീനയുടെ ഉത്തുംഗമായ മിനാരത്തിൽനിന്നും ബിലാലുബ്നു റബാഹിന്റെ ബാങ്കുവിളി ഉയർന്നതവൾ കേട്ടു.

"അസ്സ്വലാത്തു ഖൈറും മിനന്നൗം..."

വിശ്വാസികൾക്ക് നിദ്രയേക്കാൾ ശ്രേഷ്ഠമാണ് പ്രാർഥനയെന്ന ഉൾവിളിയാൽ വീടുകൾ ഉണരുന്നതവൾ കണ്ടു. സ്വന്തം വീട്ടിൽനിന്നും പള്ളിയിലേക്ക് നീങ്ങുന്ന പിതാവിന്റെ കാൽപെരുമാറ്റമവൾ കേട്ടു. ഉറപ്പായി, താൻ സ്വപ്നത്തിലല്ല.

"എന്റെ റബ്ബേ, ഞാൻ ഉണർച്ചയിൽ തന്നെയാണോ? അബുൽആസ് ആണോ എന്റെ മുന്നിൽ നിൽക്കുന്നത്?"

മായക്കാഴ്ചയോ എന്നു തോന്നിയ രൂപം മറുപടി പറഞ്ഞു: "അതെ സൈനബ്! നിന്റെ അതിഥിയാണ് ഞാൻ. വേർപാടിന്റെ വേദന നിറഞ്ഞ വർഷങ്ങൾക്കു ശേഷം, സൈന്യത്തിന്റെ ബുദ്ധിമുട്ടിക്കലിനു ശേഷം ആട്ടിയോടിക്കലിന്റെ ഭീതിയും പേറി നിന്റെ പ്രിയപ്പെട്ടവൻ നിന്റെ വാതിൽക്കൽ വന്നു നിൽക്കുന്നു, നീ അഭയം നൽകുമെന്ന പ്രതീക്ഷയിൽ."

സംസാരിക്കാൻ അവളുടെ നാവ് അശക്തമായിരുന്നു. ആർദ്രമായ ഭാവം പക്ഷേ അവളുടെ സ്നേഹത്തെ ആയിരം കവിതകളിൽ വിവർത്തനം ചെയ്തു. നിശ്ശബ്ദവും തപ്തവുമായിരുന്നു അബുൽആസിന്റെ ഹൃദയം. അവളുടെ മനസ്സിലെ ചോദ്യങ്ങൾക്ക് അയാൾ മറുപടി പറഞ്ഞു.

"അല്ല സൈനബ്! ഞാൻ വന്നത് മുസ്‌ലിമായിട്ടല്ല. എന്റെയും ഖുറൈശി പ്രമുഖരുടെയും കച്ചവടച്ചരക്കുകളുമായി ശാമിലേക്ക് യാത്ര തിരിച്ചതായിരുന്നു ഞാൻ. കച്ചവടം കഴിഞ്ഞുമടങ്ങുമ്പോൾ സൈദ്ബിനു ഹാരിസയുടെ നേതൃത്വത്തിൽ നൂറ്റിയെഴുപതോളം വരുന്ന സൈന്യം എന്നെ കണ്ടുമുട്ടി. എന്റെ കൈവശമുള്ളതെല്ലാം അവരെടുത്തു. അവരെ വെട്ടിച്ച് ഞാൻ ഓടി മറഞ്ഞു. രാത്രിയായപ്പോൾ പാത്തും പതുങ്ങിയും അഭയമന്വേഷിച്ചു ഞാൻ ഇവിടെയെത്തി."

സൈനബ് നിരാശയും ദുഃഖവും മുറ്റിയ സ്വരത്തിൽ പറഞ്ഞു:

"മൂത്തുമ്മയുടെ മകനു സ്വാഗതം! അലിയുടെയും ഉമാമയുടെയും പിതാവിന് സ്വാഗതം!"

പള്ളിയിൽനിന്നും ഉപ്പയുടെ തക്ബീർ കേട്ടു. മനസ്സിനെ നിയന്ത്രിച്ചു നിർത്തിയ ശേഷം അവൾ വാതിൽ പടിയിലേക്ക് നീങ്ങിനിന്ന് കഴിവതുമുറക്കെ പ്രഖ്യാപിച്ചു:

"ജനങ്ങളേ! റബീഇന്റെ പുത്രൻ അബുൽആസിന് ഞാൻ അഭയം നൽകിയിരിക്കുന്നു."

പുലർക്കാറ്റ് ഈ സന്ദേശവും വഹിച്ച് പള്ളിയങ്കണത്തിലുമെത്തി. നമസ്കാരശേഷം പ്രവാചകൻ ജനങ്ങൾക്കഭിമുഖമായി നിന്നിട്ടു ചോദിച്ചു:

"ജനങ്ങളേ, ഞാനൊരു ശബ്ദം കേട്ടു. നിങ്ങളാരെങ്കിലും കേട്ടുവോ?"

"അല്ലാഹുവിന്റെ പ്രവാചകരേ, അതെ. ഞങ്ങളും കേട്ടു ഒരു ശബ്ദം." അനുയായികൾ മൊഴിഞ്ഞു.

"മുഹമ്മദിന്റെ ആത്മാവ് ആരുടെ കൈയിലാണോ അവനെക്കൊണ്ടു സത്യം. നിങ്ങൾ കേട്ടതുപോലെ ഞാനും കേട്ടു. എനിക്കിതിനെക്കുറിച്ച് ഒന്നുമറിയില്ല." അൽപനേരത്തെ നിശ്ശബ്ദതക്കുശേഷം പ്രവാചകൻ പറഞ്ഞു: "മുസ്‌ലിംകൾ കൂട്ടുത്തരവാദിത്വമുള്ളവരാണ്. നമ്മിൽ ചെറിയവർ നൽകിയ അഭയം മാനിക്കാൻ നാം ബാധ്യസ്ഥരാണ്. അതിനാൽ അവൾ അഭയം നൽകിയവന് നാമും അഭയം നൽകുന്നു."

പ്രാർഥനാനന്തരം പ്രവാചകൻ വീട്ടിലേക്കു മടങ്ങി. അപ്പോൾ അബുൽആസ് അവിടെയുണ്ട്. നബിയെ കണ്ട ഉടനെ സൈനബ് അടുത്തേക്കുവന്നു പറഞ്ഞു:

"അല്ലാഹുവിന്റെ റസൂലേ. അബുൽആസ് പിതൃവ്യപുത്രൻ എന്ന അടുപ്പവും കുടുംബബന്ധവുമുള്ളവനാ

ണല്ലോ. എന്റെ കുട്ടികളുടെ പിതാവുമാണദ്ദേഹം. അതുകൊണ്ട് ഞാനദ്ദേഹത്തിന് അഭയം നൽകി."

വളരെ സ്നേഹത്തോടെ നബി(സ) അവരുടെ അരികെ ചെന്നു. അനന്തരം മകളോട് ഇങ്ങനെ ഉപദേശിച്ചു: "മകളേ, നീ അവനെ സൽക്കരിച്ചേക്കുക. പക്ഷേ, നിങ്ങൾ ഒരുമിച്ച് ശയിക്കരുത്. ബഹുദൈവവിശ്വാസിയായിരിക്കുവോളം നീ അവന് അനുവദനീയമല്ല."

റസൂൽ സ്ഥലംവിട്ടു. അദ്ദേഹം എന്താണ് തീരുമാനിച്ചതെന്ന് രണ്ടുപേർക്കും അറിയുമായിരുന്നില്ല. അകന്നകന്നുപോകുന്ന പ്രവാചകനെ അവരുടെ കണ്ണുകൾ പിന്തുടർന്നു. ആക്ഷേപസ്വരത്തിൽ സൈനബ് പറഞ്ഞു:

"നമ്മുടെ വേർപാട് അങ്ങേക്കൊരു പ്രശ്നമല്ലല്ലോ?"

"സൈനബ് അങ്ങനെ പറയരുത്. നീ പോന്നതിനു ശേഷം ഒരു ദിവസം പോലും ഞാൻ സന്തോഷത്തോടെ ജീവിച്ചിട്ടില്ല"- അബുൽ ആസ് പറഞ്ഞു.

"എങ്കിൽ പിന്നെ അങ്ങെന്തിനാണ് എന്നെയും അങ്ങയെത്തന്നെയും ഇങ്ങനെ ശിക്ഷിക്കുന്നത്? ഏതുവരെയണിത് തുടരുക?" സൈനബ് മനസ്സ് തുറന്നു.

"നമ്മുടെ കാര്യത്തിൽ അല്ലാഹുവിന്റെ ഒരു തീരുമാനമുണ്ടാകും. അതുവരേക്കും...." അയാളുടെ കണ്ഠമിടറി. കണ്ണീരൊഴുകാതിരിക്കാൻ അബുൽ ആസ് യത്നിച്ചു.

"പ്രിയമുള്ളവനേ. പടച്ചവൻ നമ്മെ അനുഗ്രഹിക്കട്ടെ." ദുർബലമായ സ്വരത്തിലവൾ പറഞ്ഞു.

നേരം പുലർന്നപ്പോൾ അബുൽ ആസിനെ പള്ളിയിലേക്ക് വിളിപ്പിക്കാൻ നബി ആളെ അയച്ചു. നബിയും സ്വഹാബികളും പള്ളിയിലിരിക്കുമ്പോൾ അയാൾ അവിടേക്ക് വന്നു. അബുൽ ആസിൽനിന്ന് സമ്പത്ത് പിടിച്ചെടുത്ത സൈനികാംഗങ്ങളും അക്കൂട്ടത്തിലുണ്ടായിരുന്നു. പ്രവാചകൻ അവരെ അഭിമുഖീകരിച്ചു:

"ഞാനും ഈ മനുഷ്യനും തമ്മിലുള്ള ബന്ധം നിങ്ങൾക്കറിയാമല്ലോ. അദ്ദേഹത്തിന്റെ ധനം നിങ്ങൾ പിടിച്ചെടുത്തതായി അറിയാൻ കഴിഞ്ഞു. നിങ്ങൾ നല്ല മനസ്സോടെ അത് മടക്കിക്കൊടുക്കുമെങ്കിൽ നമുക്ക് വലിയ സന്തോഷമായിരിക്കും. അല്ലായെങ്കിൽ അത് സമരാർജിത സമ്പത്തായി പരിഗണിക്കും. അതിന്നവകാശികളും നിങ്ങളായിരിക്കും."

ഒരേ ശബ്ദത്തിലാണ് അവരെല്ലാം പ്രതികരിച്ചത്. "അല്ലാഹുവിന്റെ ദൂതരേ! ഞങ്ങളത് അയാൾക്ക് മടക്കിക്കൊടുക്കാം."

ഓരോരുത്തരുടെയും കൈവശമുണ്ടായിരുന്ന വസ്തുക്കൾ എത്രയും പെട്ടെന്ന് അവർ അദ്ദേഹത്തിനു മുമ്പിൽ ഹാജരാക്കി. ഏറ്റവും ചെറിയതുപോലും അക്കൂട്ടത്തിൽനിന്ന് നഷ്ടപ്പെട്ടിരുന്നില്ല. അബുൽആസിന് ഇനി സന്തോഷത്തോടെ മടങ്ങാം. അയാൾക്ക് യാത്ര തിരിക്കാനുള്ള സമയമായി. വിട ചോദിച്ചു പിരിഞ്ഞപ്പോൾ പ്രവാചകൻ ഇങ്ങനെ പ്രതികരിച്ചു: "അവൻ സംസാരത്തിൽ എന്നോട് സത്യസന്ധത കാണിച്ചു. എന്നോട് ചെയ്ത വാഗ്ദാനം പാലിച്ചു."

അബുൽ ആസ് മടക്കയാത്രക്കിടെ ഒന്നുകൂടി തിരിഞ്ഞുനോക്കി. എന്തോ തീരുമാനിച്ചുറക്കാനുള്ള സംഘർഷഭരിതമായ കരുത്ത് ആ കണ്ണുകളിൽ തിളങ്ങി. ■

(തുടരും)